**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6580** **20-03-2023 - ൽ മറുപടിയ്ക്ക്**

**ഡിഫൻസ് ഫോഴ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | യുവജനക്ഷേമ ബോർഡ് 2021-2022 ൽ ഡിഫൻസ് ഫോഴ്സ് എന്ന പേരിൽ സംഘടിപ്പിച്ച സന്നദ്ധ സംഘത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും ഈ കാലയളവിൽ എത്ര പേർ ഇതിൽ അംഗത്വം എടുത്തിട്ടുണ്ടെന്നും വിശദമാക്കാമോ? | (എ) | യുവജനങ്ങളിലെ സാമൂഹ്യ പ്രതിബദ്ധത വളർത്തുന്നതിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് രൂപീകരിച്ച സന്നദ്ധ സേവന സേനയാണ് ടീം കേരള (കേരള യൂത്ത് ഫോഴ്സ്). കാലവർഷം സമാഗതമാകുന്ന അവസരത്തിൽ വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ തുടങ്ങിയവ പോലുള്ള പ്രകൃതി ദുരന്തങ്ങൾ സംജാതമാകുന്നപക്ഷം അവയെ നേരിടുന്നതിനായി എല്ലാ ജില്ലകളിലും പരിശീലനം നേടിയ വോളന്റിറി യൂത്ത് ആക്ഷൻ സേനയെ സജ്ജരാക്കിയിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങൾ നേരിടുന്നത് കൂടാതെ മാലിന്യ നിർമ്മാർജ്ജനം, പാലിയേറ്റീവ് പ്രവർത്തനം, സാമൂഹിക തിൻമകൾക്കെതിരെ ബോധവൽക്കരണം, കുടിവെള്ള സംരംക്ഷണം, പരിസ്ഥിതി സംരക്ഷണം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയവ കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തന മേഖലകളിൽ ഉൾപ്പെടുന്നു. 2021-22 കാലയളവിൽ 14 ജില്ലകളിലെയും പഞ്ചായത്ത്/ മുനിസിപ്പൽ / കോർപ്പറേഷൻതലത്തിൽ 17,500 പേർ ഈ സേനയിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ